ക്ലാർക്ക് കം അറൻഡർമാരുടെ ശമ്പളം.

*1553. [13] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ മലബാർഭാഗത്തു ജോലി ചെയ്യുന്ന ക്ലാർക്ക് കം അറൻഡർമാർക്ക് ശമ്പളസ്കെയിൽ ഇനിയും അനുവദിച്ചിട്ടില്ലെന്നും ഡിയർനസ് അലവൻസു കൂടാതെ കിട്ടുന്ന ഫിക്സഡ് ശമ്പളം തന്നെ മണിയാർഡർ ചാർജ് കഴിച്ചാണ് ഓരോരുത്തർക്കും കിട്ടുന്നതെന്നും പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ-ബി) മലബാറിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ആഫീസിനോടനുബന്ധിച്ച് പ്രവർത്തിച്ചുവന്ന പരീക്ഷായോഗ്യതയില്ലാത്ത മുപ്പത്തിനാലു ക്ലാർക്കം അറൻഡർമാരുണ്ട്. അവരെ സൂപ്പർന്യൂമററിസ്ഥായി പരിഗണിച്ച് മലബാർ ഡെപ്യൂട്ടിഡയറക്ടറുടെ ആഫീസിൽനിന്നും, താൽക്കാലികമായി അവർക്ക് ശമ്പളം കൊടുത്തുവരികയാണ്. അവരുടെ ശമ്പളം സംബന്ധിച്ചുള്ള അവസാനതീരുമാനം ഗവണ്മെൻറിൽനിന്നും ചെയ്തിട്ടില്ല. ആ കാര്യം ഐഹനാൻസു ഡിപ്പാർട്ടുമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അവർക്ക് അലവൻസ് ഇല്ലാതെ കേവലം 67 രൂപ മാത്രമാണ് ശമ്പളം കിട്ടുന്നതെന്നും, അതു് ഓരോ മാസത്തിലും, ഡി. ഇ. ഒ. കണ്ടിൻജൻസി ഇനത്തിൽ മണിയാർഡർ കമ്മീഷൻ കഴിച്ച് അയച്ചുകൊടുക്കുകയാണെന്നും, അതും മൂന്നുമാസമായിട്ട് കിട്ടാത്തവരുണ്ടെന്നും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രത്യേകിച്ചു പരാതിയില്ല. മൂന്നു മാസമായിട്ടു ശമ്പളം കിട്ടുന്നില്ലെന്നു പറയുന്നതുകൊണ്ട് അതിനെപ്പറ്റി അന്വേഷിക്കാം. അവർ സൂപ്പർന്യൂമററിയായി ജോലി നോക്കുന്നതിനാൽ കോഴിക്കോട്ടുവന്നു താമസിക്കുന്നതിനു നിവൃത്തിയില്ലെന്നും, അങ്ങനെ താമസിക്കണമെങ്കിൽ, ഇന്നു മണിയാർഡർ കമ്മീഷൻ ചെലവാകുന്ന സ്ഥാനത്തു്, മുപ്പതു്, മുപ്പത്തഞ്ചു രൂപവരെ ചെലവാകുമെന്നും, അതുകൊണ്ട് ശമ്പളം മണിയാർഡർ ചെയ്താൽ മതിയെന്നു് അവർതന്നെ ആവശ്യപ്പെട്ടതനുസരിച്ചാണ് അപ്രകാരം ചെയ്യുന്നതു്. ശമ്പളസ്കെയിലിനെപ്പറ്റി ഒരു തീരുമാനം ഉണ്ടായാൽ ഇതിനു വേണ്ട പരിഹാരം ഉണ്ടാകുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇന്നത്തെ വിഷമം ഇല്ലാതാക്കാൻ, ഡി. ഇ. ഒ മാർ തന്നെ ശമ്പളം ഡ്രാചെയ്തു വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഇ. പി ഗോപാലൻ: ക്ലാർക്ക് കം അറൻഡർമാർക്കു പണ്ടു കൊല്ലത്തെ തുടർച്ചയായ സർവ്വീസുണ്ടെങ്കിൽ, അവരുടെ ജോലി തൃപ്തികരമായിരുന്നാൽ അവരെ ക്ലാർക്കുമാരായി നിയമിക്കുന്ന ഒരു പതിവു് മദിരാശി ഗവണ്മെൻറ് സ്വീകരിച്ചിരുന്നതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആ വ്യവസ്ഥയുടെ വെളിച്ചത്തിലാണ് അതിന്മേൽ പരിശോധന നടത്തുന്നതു്. അവസാന തീരുമാനമുണ്ടായാൽ മാത്രമേ ഇതിനെപ്പറ്റി പറയാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly